ഉത്തരം

(എ) 166 തസ്തികകൾ ഉണ്ട്. 61 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിൽ 104 ലൈൻമാൻ ഗ്രേഡ് 2-ന്റെ തസ്തികകൾ ഉള്ളതിൽ 45 എണ്ണവും പാലാ ഇലക്ട്രിക്കൽ സർക്കിളിൽ 62 ലൈൻമാൻ ഗ്രേഡ് 2-ന്റെ തസ്തികകൾ ഉള്ളതിൽ 16 എണ്ണവും ഒഴിഞ്ഞു കിടക്കുന്നു.

(ബി ആന്റ് സി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ മസ്ദൂർ/വർക്കർ തസ്തികകളിൽ നിന്ന് പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

മീറ്റർ റീഡർ, സ്പോട്ട് ബില്ലർ തസ്തിക

198 [2691] ശ്രീ. ടി. എൻ. പ്രതാപൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ, സ്പോട്ട് ബില്ലർ തസ്തികയിൽ ഇപ്പോൾ മൊത്തം എത്ര സ്ഥിരം ഒഴിവുകളാണുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകളുടെ വിവരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഈ തസ്തികയിലേക്കുള്ള നിയമനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) എന്നുമുതലാണ് വിലക്കുള്ളത്;

(ഇ) റിപ്പോർട്ട് ചെയ്ത ഒഴിവിലേക്ക് നിയമനം നടത്താതിരുന്നതെന്തുകൊണ്ടാണ്;

(എഫ്) പ്രസ്തുത തസ്തികയിൽ വർക്ക് അറേഞ്ച്മെന്റിൽ ബോർഡിലെ ഏതെല്ലാം തസ്തികയിലുള്ള ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നു;

(ജി) എന്തടിസ്ഥാനത്തിലാണ് ഇവരെ ഈ ജോലിക്ക് നിയോഗിച്ചിട്ടുള്ളത്;

(എച്ച്) ഇവരെക്കൂടാതെ വേറെ എത്രപേരെ ഡെയ്ലി വേജസ്, കോൺട്രാക്ട് എന്നീയടിസ്ഥാനത്തിൽ ഈ തസ്തികയിൽ നിയമിച്ചിട്ടുണ്ട്;

(ഐ) മീറ്റർ റീഡർ, സ്പോട്ട് ബില്ലർ തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	1.	തിരുവനന്തപുരം	97
	2.	ആലപ്പുഴ	47
	3.	കൊല്ലം	83
	4.	പത്തനംതിട്ട	43
	5.	കോട്ടയം	68
	6.	ഇടുക്കി	24
	7.	എറണാകുളം	136
	8.	തൃശ്ശൂർ	112
	9.	പാലക്കാട്	84
	10.	മലപ്പുറം	121
	11.	കോഴിക്കോട്	63
	12.	വയനാട്	14
	13.	കണ്ണൂർ	98
	14.	കാസറഗോഡ്	53
		ആകെ	1043

(ബി—ഡി) 20-12-2001-ലെ ഗവൺമെന്റ് ഓർഡർ (എം എസ്.) 34/01/പിഡി പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ മസ്ദൂർ കാറ്റഗറി ഒഴിച്ച് മറ്റുള്ള തസ്തികകളിലേക്ക് മൂന്ന് വർഷത്തേക്ക് നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് നിയമനശുപാർശ നൽകി ക്കൊണ്ടുള്ള പി.എസ്.സി.-യുടെ കത്ത് 2-7-2004-ലാണ് ലഭിച്ചത്.

(എഫ്) വർക്ക് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ലൈൻമാൻ, ഇലക്ട്രിസിറ്റി വർക്കർ, ഓവർസിയർ (ഇലക്) ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിൽപ്പെട്ട ജീവനക്കാരെ മീറ്റർ റീഡിംഗിന് നിയോഗിച്ചിട്ടുണ്ട്.

(ജി) ബോർഡിൽ മീറ്റർ റീഡർ തസ്തികയിലുള്ള ജീവനക്കാരുടെ അപര്യാപ്തതകൊണ്ടാണ് മറ്റു തസ്തികയിൽപ്പെട്ട ജീവനക്കാരെ വർക്ക് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ മീറ്റർ റീഡിംഗിന് നിയോഗിച്ചിട്ടുള്ളത്.

(എച്ച്) കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ 585 പേർ ജോലി ചെയ്യുന്നുണ്ട്.

(ഐ) കേസ് നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly